പഠനം

● കെ.ടി ഹുസൈൻ

## ഉമർ ഖാദി, മഖ്ദി തങ്ങൾ
## അതിജീവനസമരത്തിന്റെ രണ്ട് മുഖങ്ങൾ – 2

# സനാഉല്ലാ മഖ്ദി തങ്ങൾ

**പാശ്ചാത്യ** രാജ്യങ്ങൾ കോളനികളാക്കിയ മൂന്നാം ലോക നാടുകളിൽ കോളനിവത്കരണത്തോടൊപ്പം സമാന്തരമായി വികസിച്ച പ്രതിഭാസമായിരുന്നു ക്രിസ്ത്യൻ മിഷനറി പ്രവർത്തനം. നിർദോഷവും നിരപേക്ഷവുമായ കേവല മതപ്രബോധനമായിട്ടല്ല, കോളനിവത്കരണത്തെ ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യുന്ന സാംസ്കാരിക അധിനിവേശത്തിന്റെ പ്രച്ഛന്ന രൂപമായിട്ടാണ് അത് അവിടങ്ങളിൽ പ്രകടമായത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണം ഉറച്ചതോടെ കേരളത്തിലും ക്രിസ്ത്യൻ പാതിരിമാരുടെ നേതൃത്വത്തിൽ വിപുലമായ തോതിൽ മിഷനറി പ്രവർത്തനങ്ങൾ അരങ്ങേറുകയുണ്ടായി. അധിനിവേശ ഭരണകൂടത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയോടെ നടത്തപ്പെട്ട ഈ മിഷനറി പ്രവർത്തനം പലപ്പോഴും ഇസ്‌ലാമിന്നും പ്രവാചകന്നും നേരെയുള്ള കടന്നാക്രമണങ്ങളും ആക്ഷേപവർഷങ്ങളുമായി മാറിയിരുന്നു. അങ്ങാടികളിലും കവലകളിലും ഗ്രാമങ്ങളിലുമെല്ലാം ക്രിസ്ത്യൻ പാതിരിമാർ ഇസ്‌ലാമിനെയും പ്രവാചകനെയും അവഹേളിച്ചു പ്രസംഗിക്കുകയും, ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. രാഷ്ട്രീയ അടിച്ചമർത്തലുകളോടൊപ്പം മുസ്‌ലിംകളെ സാംസ്കാരികമായും മാനസികമായും തളർത്താൻ കൂടി ലക്ഷ്യമിട്ട ഈ സാംസ്കാരിക അധിനിവേശത്തിനെതിരെ പ്രഭാഷണങ്ങളിലൂടെയും എഴുത്തിലൂടെയും പൊരുതിയ പ്രബോധകനും പണ്ഡിതനുമായിരുന്നു സയ്യിദ് സനാഉല്ലാ മഖ്ദി തങ്ങൾ. മലയാള ഭാഷാ പരിജ്ഞാനമോ സംവാദത്തിന്റെയും ഖണ്ഡനത്തിന്റെയും നവീന രീതിയെയും യുക്തിയെയും കുറിച്ച ജ്ഞാനമോ ഇല്ലാത്തതിനാൽ പരമ്പരാഗത മതപണ്ഡിതന്മാർ ക്രൈസ്തവ വിമർശനങ്ങൾക്ക് മുമ്പിൽ തീർത്തും നിസ്സഹായമായ പശ്ചാത്തലത്തിലാണ് മതവിജ്ഞാനത്തോടൊപ്പം ആധുനിക വിജ്ഞാനവും ക്രൈസ്തവ മതമീമാംസയിൽ അവഗാഹവും നേടിയ മഖ്ദി തങ്ങൾ മിഷനറിമാർക്കെതിരെ ശക്തമായി രംഗത്തുവന്നത്. പരമ്പരാഗതമായി കിട്ടിയ സാമ്രാജ്യത്വവിരോധവും ഒപ്പം യാഥാസ്ഥിതികത്വത്തിന്റെ പിന്തിരിപ്പൻ നിലപാടും കാരണം ഇംഗ്ലീഷ് ഭാഷയെയും ആധുനിക വിദ്യാഭ്യാസത്തെയും ബഹിഷ്കരിച്ചതിനാൽ സാമൂഹികമായും വിദ്യാഭ്യാസപരമായും ബഹുദൂരം പിന്തള്ളപ്പെട്ടുപോയ മുസ്‌ലിം സമൂഹത്തിൽ യാഥാസ്ഥിതിക വിരുദ്ധ ചിന്തയും ആധുനിക വിദ്യാഭ്യാസോന്മുഖതയും നട്ടുവളർത്തിയ പരിഷ്കർത്താവ് കൂടിയാണ് മഖ്ദി തങ്ങൾ. ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ അന്തസ്സത്തയോട് വിട്ടുവീഴ്ച ചെയ്യാതെത്തന്നെ മുസ്‌ലിം കേരളത്തിന്റെ അന്തരംഗത്തെ ആധുനിക ലോകവുമായി അടുപ്പിച്ച് കേരളത്തിലെ ആധുനിക മുസ്‌ലിം സ്വത്വത്തെ രൂപപ്പെടുത്തുകയും പുനർനിർണയിക്കുകയും ചെയ്തതാണ് കേരള മുസ്‌ലിം നവോത്ഥാനത്തിൽ മഖ്ദി തങ്ങളുടെ സംഭാവന.

മഖ്ദി തങ്ങളുടെ കുടുംബവേരുകൾ പ്രവാചകപിതൃവ്യൻ അബ്ബാസിന്റെ താവഴിയിൽപെട്ട അറേബ്യയിലെ സഖാഫ് ഗോത്രത്തിൽ സന്ധിക്കുന്നതായി മഖ്ദി തങ്ങളുടെ ജീവചരിത്രകാരൻ കെ.കെ മുഹമ്മദ് അബ്ദുൽകരീം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പൂർവികർ ഇന്ത്യയിൽ ആദ്യമായി എത്തിയത് കർണാടകയിലാണ്. അവിടെനിന്ന് മഖ്ദി തങ്ങളുടെ പിതാമഹൻ മുഹമ്മദ് മഖ്ദൂം സഖാഫ് തങ്ങൾ 1800–ൽ പൊന്നാനിക്കടുത്ത വെളിയങ്കോട്ട് കുടിയേറിപ്പാർത്തു. സഖാഫ് തങ്ങളുടെ ഭാര്യ മുഗൾ വംശജയായിരുന്നുവത്രെ. അദ്ദേഹത്തിന്റെ മകൻ സയ്യിദ് അഹ്മദ് തങ്ങളാണ് മഖ്ദി തങ്ങളുടെ പിതാവ്. മാതാവ് ഹമദാൻ വംശജയായ ശരീഫാ ബീവിയും. മതപണ്ഡിതനും സ്വൂഫിവര്യനുമായിരുന്ന അഹ്മദ് തങ്ങൾ വെളിയങ്കോട് ഉമർ ഖാദിയുടെ പ്രമുഖ ശിഷ്യന്മാരിൽ ഒരാളായിരുന്നു.

മഖ്ദി തങ്ങൾ 1847–ൽ വെളിയങ്കോട്ട് ജനിച്ചു. പ്രാഥമിക മതപഠനം പിതാവിൽനിന്നുതന്നെയായിരുന്നു. തുടർന്ന് ചാവക്കാട് ഹയർ എലിമെന്ററി സ്കൂളിൽ എട്ടാം ക്ലാസ് വരെ പഠിച്ച

തിനു ശേഷം വീണ്ടും മതപഠനത്തിലേക്ക് തിരിഞ്ഞു. വെളിയങ്കോട്, മാറഞ്ചേരി, പൊന്നാനി ദർസുകളിലായിരുന്നു ഉപരിപഠനം. മലയാളം, അറബി ഭാഷകൾക്കു പുറമെ ഹിന്ദുസ്ഥാനി, തമിഴ്, പേർഷ്യൻ ഭാഷകളിലും മഖ്ദി തങ്ങൾക്ക് നല്ല അവഗാഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചില ലേഖനങ്ങളിൽ കാണപ്പെടുന്ന ഇംഗ്ലീഷ് ഉദ്ധരണികൾ കാര്യങ്ങൾ വായിച്ച് ഗ്രഹിക്കാൻ കഴിയുന്ന ഇംഗ്ലീഷ് പരിജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്ന് വേറിട്ട വഴിയിൽ സഞ്ചരിക്കാനും തദ്വാരാ കേരള മുസ്‌ലിം നവോത്ഥാനത്തിൽ ഒരു ദിശാമാറ്റത്തിന് നാന്ദികുറിക്കാനും മഖ്ദി തങ്ങളെ പ്രാപ്തനാക്കിയത് മലയാള ഭാഷയിൽ എഴുതാനും പ്രസംഗിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവും സമകാലിക വിജ്ഞാനങ്ങളുമായുള്ള പരിചയവുമാണ്. അധിനിവേശവിരുദ്ധതയും ജീർണതാനിരാസവും ഉള്ളതോടൊപ്പം, നിലനിൽക്കുന്ന അധികാരക്രമത്തിന്റെ ശക്തിദൗർബല്യങ്ങളെയും സമൂർത്ത യാഥാർഥ്യങ്ങളെയും വേണ്ടവിധം തിരിച്ചറിയാൻ പ്രാപ്തി നൽകാത്തവിധമുള്ള ഒരുതരം യാഥാസ്ഥിതികത്വം അതുവരെയുള്ള മുസ്‌ലിം നവോത്ഥാനത്തിന്റെ ഉള്ളടക്കമായിട്ടുണ്ടായിരുന്നു. സൈനുദ്ദീൻ മഖ്ദൂം മുതൽ ഉമർ ഖാദി വരെയുള്ളവരുടെ പ്രവർത്തനങ്ങളുടെ പിന്തുടർച്ചക്കാരായ മതപണ്ഡിതന്മാരുടെ ഇംഗ്ലീഷ്, മലയാളം ഭാഷാ വിരോധവും ഭൗതിക വിദ്യാഭ്യാസത്തോടുള്ള വിമുഖതയുമെല്ലാം ഈ യാഥാസ്ഥിതികത്വത്തിന്റെ ഫലമായിരുന്നുവെന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അധിനിവേശവിരോധത്തിന്റെ മറവിൽ അതിനെ വെള്ളപൂശാനോ ന്യായീകരിക്കാനോ കഴിയില്ല. കേരള മുസ്‌ലിം നവോത്ഥാനത്തിലെ ഈ യാഥാസ്ഥിതിക ഉള്ളടക്കത്തെ തിരിച്ചറിഞ്ഞ് അതിനെതിരെ രംഗത്തുവന്നതുകൊണ്ടാണ് മഖ്ദി തങ്ങൾ കേരള മുസ്‌ലിം നവോത്ഥാനത്തിൽ ദിശാമാറ്റത്തിന് തുടക്കം കുറിച്ചതായി വിലയിരുത്തപ്പെടുന്നത്.

ക്രിസ്ത്യൻ മിഷനറിമാരുടെ ഇസ്‌ലാംവിമർശനവും വിദ്യാഭ്യാസരംഗത്തെ മുസ്‌ലിം പിന്നാക്കാവസ്ഥയുമാണ് എക്സൈസ് ഉദ്യോഗസ്ഥനായിരുന്ന മഖ്ദി തങ്ങളെ ജോലി രാജിവെച്ച് സാമൂഹിക പ്രവർത്തനത്തിന്റെ പൊള്ളുന്ന ഭൂമിയിലേക്ക് തള്ളിവിട്ടത്. നല്ല പ്രഭാഷകനായിരുന്ന അദ്ദേഹം കേരളത്തിലുടനീളം സഞ്ചരിച്ച് മിഷനറിമാരുടെ ഇസ്‌ലാംവിമർശനങ്ങൾക്ക് മറുപടി പറയുകയും ക്രിസ്ത്യൻ വൈദികരുമായും പാതിരിമാരുമായും സംവാദത്തിലേർപ്പെടുകയും ചെയ്തു. ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന്റെ അടിയാധാരമായ ത്രിയേകത്വത്തിന്റെ അർഥശൂന്യതയും യുക്തിരാഹിത്യവും തുറന്നുകാട്ടി അദ്ദേഹം എഴുതിയ കൃതിയാണ് 1884-ൽ പ്രസിദ്ധീകരിക്കപ്പെട്ട *കഠോര കുഠാരം*. ഇതിന് ക്രിസ്ത്യൻ പണ്ഡിതനായ വിദ്വാൻ കുട്ടി മറുപടി എഴുതിയപ്പോൾ *കുഠോര വജ്രത്തി*ലൂടെ മഖ്ദി തങ്ങൾ തിരിച്ചടിച്ചു. അതോടെ മിഷനറിപക്ഷം നിശ്ശബ്ദരായി. പഴയ-പുതിയ നിയമങ്ങളിൽ ആഗമന സുവിശേഷം അറിയിക്കപ്പെട്ട പ്രവാചകൻ അന്ത്യപ്രവാചകൻ മുഹമ്മദ് നബിയാണെന്ന് സമർഥിച്ചുകൊണ്ടുള്ള മഖ്ദി തങ്ങളുടെ രചനയാണ് *പാർകലീത്താ പോർക്കളം*. ഈ കൃതിയിൽ താൻ ഉന്നയിച്ച വാദങ്ങൾ തെറ്റാണെന്ന് സമർഥിച്ചുകൊണ്ട് ഖണ്ഡനമെഴുതുന്നവർക്ക് അദ്ദേഹം 200 രൂപ ഇനാം പ്രഖ്യാപിച്ചു. പക്ഷേ വെല്ലുവിളി സ്വീകരിക്കാൻ ഒറ്റ ക്രൈസ്തവ പണ്ഡിതനും തയാറായില്ല. പകരം ഈ കൃതി തങ്ങളുടെ അനുയായികൾ വായിക്കാതിരിക്കാനായി അതിന്റെ കോപ്പികൾ ഒന്നടങ്കം പുസ്തകശാലകളിൽനിന്ന് വാങ്ങി അപ്രത്യക്ഷമാക്കുന്ന തന്ത്രമാണ് അവർ സ്വീകരിച്ചത്. *സത്യദർശിനി*, *തൃശിവപേരൂർ ക്രിസ്തീയ വായടപ്പ്*, *തണ്ടാൻ കണ്ഠമാല*, *തണ്ടാന്റെ കൊണ്ടാ ചെണ്ട*, *മക്തി സംവാദജയം*, *ജയാനന്ദ കോശം*, *സുവിശേഷ നാമം*, *മക്തി തങ്ങൾ ആഘോഷം മശീഹാ മതമൂലനാശം*, *ക്രിസ്തീയ മൂഢ പ്രൗഢി ദർപ്പണം* തുടങ്ങിയ കൃതികളും ഇസ്‌ലാമിനെതിരായ ക്രിസ്ത്യൻ മിഷനറിമാരുടെ വിമർശനങ്ങൾക്കുള്ള മഖ്ദി തങ്ങളുടെ മറുപടികളാണ്.

ആശയരംഗത്തും പ്രത്യാക്രമണമാണ് ഏറ്റവും നല്ല പ്രതിരോധം എന്നറിയാമായിരുന്ന മഖ്ദി തങ്ങൾ പ്രതിരോധ ശൈലി വിട്ട് ആക്രമണശൈലിയിലാണ് ഇസ്‌ലാംവിമർശകരെ നേരിട്ടത്. തൃശൂരിലെ ഫാദർ ദാവൂദ്, വിദ്വാൻ കുട്ടി, പ്രോൺമയർ തുടങ്ങിയ ക്രിസ്ത്യൻ വൈദിക പണ്ഡിതന്മാർ മഖ്ദി തങ്ങളുമായി സംവാദത്തിലേർപ്പെട്ട് ഒടുവിൽ പരാജയം സമ്മതിച്ച് പിന്മാറി. കേരളത്തിൽ മതപ്രബോധനരംഗത്ത് മതാന്തര സംവാദത്തിന് തുടക്കം കുറിച്ചത് മഖ്ദി തങ്ങളാണെന്ന് പറഞ്ഞാൽ തെറ്റാവില്ല.

ക്രൈസ്തവ ഖണ്ഡനവും മതസംവാദവുമായി അദ്ദേഹം നടന്നു തീർത്തത് കല്ലും മുള്ളും വിതറിയ ദുർഘട പാതയായിരുന്നു. ആശയത്തെ ആശയം കൊണ്ട് നേരിടാനാകാതെ അധിക്ഷേപത്തിന്റെയും ഭർത്സനത്തിന്റെയും കള്ളക്കേസിന്റെയും മാർഗം എതിരാളികൾ സ്വീകരിച്ചതോടെയാണ് അദ്ദേഹത്തിന്റെ മാർഗം അതീവ ദുർഘടമായത്. താൻ സഹിച്ച ഈ പീഡനപർവത്തെക്കുറിച്ച് *മക്തി മനഃക്ലേശ*ത്തിലും ആത്മകഥാപരമായ ചില കുറിപ്പുകളിലും അദ്ദേഹം എഴുതിയിട്ടുണ്ട്: "തിരുവനന്തപുരത്തെ ക്രിസ്തുജനം കൂടിയാലോചിച്ച് ഭയങ്കരമായ ക്രിമിനൽ ചാർജുകൾ നിർമിച്ചു അകപ്പെടുത്തിയതിൽ ഇടം വലം കാണാതെ വ്യാകുലചിത്തനായി പരിഭ്രമിച്ചു. ഇസ്‌ലാം ജനം അടുത്തുവരാതെയും അടുപ്പിക്കാതെയും ഒഴിഞ്ഞു മാറി മറിഞ്ഞതിനാൽ പട്ടന്മാരുടെ ഭക്ഷണശാലകളിലുണ്ടാകുന്ന ചോറും ചാറും വാങ്ങി ആത്മാവിനെ രക്ഷിച്ചു. ആറു മാസം വ്യവഹരിച്ച് ഇൻസ്പെക്ടർമാർ തെളിഞ്ഞ് സാക്ഷി പറഞ്ഞെങ്കിലും സത്യസ്വരൂപന്റെ കടാക്ഷം കൊണ്ടുണ്ടായ ഹിന്ദുജനസഹായം കൊണ്ട് അവർ ഇളിഞ്ഞു. ഞാൻ രക്ഷപ്പെടുകയും ചെയ്തു" (*മക്തി മനഃക്ലേശം*- ഉദ്ധരണം: *മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ*, പേജ് 719).

ഗവൺമെന്റിന്റെ ഒത്താശയോടെ ചാർജ് ചെയ്യപ്പെട്ട കള്ളക്കേസുകളിൽ മഖ്ദി തങ്ങൾ തന്റെ ഭാഗം സ്വയം തന്നെയാണ് വാദിച്ചത്. ചെറിയ കുട്ടികളെ വിട്ട് അദ്ദേഹത്തെ തെറിയഭിഷേകം ചെയ്യുക എന്ന അത്യന്തം സംസ്കാരശൂന്യമായ നടപടികളും മിഷനറിമാരുടെ ഭാഗത്തുനിന്നുണ്ടായതായി അദ്ദേഹത്തിന്റെ ആത്മകഥാകൃതിയിൽനിന്ന് വ്യക്തമാകുന്നുണ്ട്: "നടന്ന സംഗതികൾ അനേകമുണ്ട്. അതിൽ ഒന്ന് പറയാം. പ്രസംഗിച്ച സ്ഥലത്തുനിന്ന് ഇരുനൂറോളം കുട്ടികളും ബാല്യന്മാരും ഒന്നായി കൂടി തന്റെ ചുറ്റുപാടും നിന്നു. 'പന്നി പോകുന്നു പന്നി നായാട്ടെ' എന്നു പറഞ്ഞ് കൂക്കിയും ആർത്തും കൈകൊട്ടി ചിരിച്ചും തോണ്ടിയും മാന്തിയും മുക്കാൽ നാഴിക ദൂരത്തുള്ള എന്റെ വീടുവരെ എത്തിച്ചു. കാണുന്ന ഹിന്ദുക്കൾ വ്യസനിച്ചു. എന്നാൽ ഞാൻ സന്തോഷിച്ചു. കാരണം തായിഫിൽ ഉണ്ടായിരുന്ന കുഫ്ഫാറിന്റെ കൽപന പ്രകാരം മുന്നൂറിൽ മീതെ കുട്ടികൾ എന്റെ ഉപ്പപ്പ റസൂലുല്ലാഹിനെയും സൈദ് എന്നവരെയും ഓടിപ്പിച്ച് മക്കത്ത് എത്തിച്ചത് എന്റെ കണ്ണിൽപെട്ടു. അത് എനിക്കുള്ള അവകാശമെന്നുറപ്പിച്ചു" (ഉദ്ധരണം: *മക്തി തങ്ങളുടെ ജീവചരിത്രം*, കെ.കെ മുഹമ്മദ് അബ്ദുൽ കരീം, പേജ് 37).

പാതിരിമാരുടെ ഇസ്‌ലാംവിമർശനത്തിനു പുറമെ ഗുണ്ടർട്ടിന്റെ 'മുഹമ്മദ് ചരിത്രം' എന്ന പ്രവാചക ചരിത്രഗ്രന്ഥത്തിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 'നബിനാണയം' എന്ന പേരിൽ ഒരു നബിചരിത്ര ഗ്രന്ഥവും അദ്ദേഹം

രചിച്ചു. മലയാളഭാഷയിലെ ഒരു മുസ്‌ലിമിന്റെ ആദ്യത്തെ നബിചരിത്ര ഗ്രന്ഥമാണിത്. ഇസ്‌ലാമിലെ ജിഹാദിനെയും ബഹുഭാര്യാത്വത്തെയും കുറിച്ച പാശ്ചാത്യ വിമർശനങ്ങൾക്ക് മറുപടി പറഞ്ഞ മഖ്ദി തങ്ങൾ പാശ്ചാത്യ മാതൃകയിലുള്ള സ്ത്രീസമത്വത്തിന്റെയും സ്ത്രീ സ്വാതന്ത്ര്യവാദത്തിന്റെയും പ്രകൃതിവിരുദ്ധതയും അയുക്തികതയും തുറന്നുകാട്ടി. എന്നാൽ സ്ത്രീവിദ്യാഭ്യാസത്തെ അത്യധികം പ്രോത്സാഹിപ്പിച്ച അദ്ദേഹം ഇസ്‌ലാമിക ചിട്ടകൾ പാലിച്ചുള്ള മിശ്രപഠനത്തെയും അനുകൂലിച്ചു. അദ്ദേഹത്തിന്റെ *നാരി നരാഭിചാരി*, ബഹുഭാര്യാത്വം, സ്ത്രീ-പുരുഷ സമത്വം, സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ വിദ്യാഭ്യാസം തുടങ്ങിയ സ്ത്രീപ്രശ്നങ്ങൾ ചർച്ചചെയ്ത ഗ്രന്ഥമാണ്.

## പരിഷ്കർത്താവ്

മുസ്‌ലിംകളുടെ വിദ്യാഭ്യാസ-സാമൂഹികരംഗത്തെ പരിഷ്കരണമായിരുന്നു മഖ്ദി തങ്ങളുടെ മറ്റൊരു പ്രധാന പ്രവർത്തനമണ്ഡലം. അദ്ദേഹത്തിന്റെ ക്രൈസ്തവവത്കരണവിരുദ്ധ പ്രവർത്തനങ്ങൾ കൊച്ചി കേന്ദ്രമാക്കിയായിരുന്നു. എന്നാൽ കൊച്ചിയിലേക്ക് വരുന്നതിനു മുമ്പ് കണ്ണൂർ കേന്ദ്രമാക്കി ചില വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചിരുന്നു. ഏതാനും യുവാക്കളെ സംഘടിപ്പിച്ച് രൂപം നൽകിയ 'മുഹമ്മദീയ സഭ'യിലൂടെയാണ് ഈ പ്രവർത്തനം നടന്നത്. ഇസ്‌ലാം വിമർശനങ്ങൾക്ക് മറുപടി നൽകാൻ യുവാക്കളെ പരിശീലിപ്പിക്കുകയായിരുന്നു ഈ സഭയുടെ മുഖ്യ പ്രവർത്തനം.

മുസ്‌ലിംകൾ മതപഠനത്തിൽ ഒതുങ്ങിനിൽക്കാതെ ആധുനിക വിദ്യാഭ്യാസം കൂടി നേടണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മതപഠനം സാമൂഹിക ബാധ്യത(ഫർദു കിഫായ)യായതുപോലെ സമൂഹത്തിന്റെ നിലനിൽപും ക്ഷേമവും ഉറപ്പുവരുത്തുന്ന ഭൗതിക വിദ്യാഭ്യാസം ആർജിക്കലും സാമൂഹിക ബാധ്യതയാണ് എന്ന അദ്ദേഹത്തിന്റെ നിലപാട് അന്നത്തെ അവസ്ഥയിൽ വിപ്ലവകരം തന്നെയായിരുന്നു. നേരത്തേ സൂചിപ്പിച്ച മുസ്‌ലിം നവോത്ഥാനത്തിന്റെ സഹജമോ കാലക്രമത്തിൽ വന്നുചേർന്നതോ ആയ യാഥാസ്ഥിതിക ഉള്ളടക്കത്തിനെതിരെ മഖ്ദി തങ്ങൾ പൊട്ടിച്ച ആദ്യ വെടിയായിരുന്നു ഇത്. വൈദ്യശാസ്ത്രപഠനം സാമൂഹിക ബാധ്യതയാണെന്ന ഇമാം ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീനി*ലെ പരാമർശം മഖ്ദി തങ്ങൾ തന്റെ നിലപാടിന് സാധൂകരണമായി എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. 'മുസ്‌ലിം ജനവും വിദ്യാഭ്യാസവും' എന്ന ലേഖനത്തിലാണ് അദ്ദേഹം തന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ പ്രധാനമായും അവതരിപ്പിച്ചത്. ഭൗതിക വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ എല്ലാവരും മതപഠനത്തിലേക്ക് തിരിയുന്ന പ്രവണതയെ അദ്ദേഹം ഇപ്രകാരം വിമർശിക്കുന്നു: "ഇസ്‌ലാം ജനമൊക്കെയും മൗലവിമാരാകേണമെന്നോ അറബിഭാഷ പഠിച്ചിരിക്കണമെന്നോ മതം നിർബന്ധിക്കുന്നില്ല. അസംഭവ്യമായതിനാൽ നിർബന്ധിക്കുന്നതുമല്ല. ഈ നിലയിൽ പാഠശാലകൾ അത്രയും മൗലവിസ്ഥാനത്തെ ഉദ്ദേശിച്ച് സ്ഥാപിക്കുന്നതും ഉദ്ദേശ്യ നിയമങ്ങളിൽ കുട്ടികളെ കെട്ടിക്കൂട്ടുന്നതും മതവിധിക്ക് വിപരീതമെന്ന് മാത്രമല്ല മതത്തിനും ജനത്തിനും ദോഷം ഭവിക്കുന്നു" ('മുസ്‌ലിംജനവും വിദ്യാഭ്യാസവും'). സർക്കാർ സ്കൂളിൽ ചേർന്ന് ഇംഗ്ലീഷും മലയാളവും പഠിക്കണമെന്ന് അദ്ദേഹം മുസ്‌ലിംകളെ ഉദ്ബോധിപ്പിച്ചു. മുസ്‌ലിംകൾ ഭൗതികവിദ്യാഭ്യാസത്തിൽനിന്ന് മാറിനിൽക്കാൻ കാരണമായ ഇംഗ്ലീഷ്, മലയാളം ഭാഷാ വിരോധത്തെയും അദ്ദേഹം വിമർശിച്ചു. ഇംഗ്ലീഷ് നരകഭാഷയും മലയാളം ഹിന്ദു ശാസ്ത്രഭാഷയുമാണെന്ന് പറഞ്ഞാണ് യാഥാസ്ഥിതിക പണ്ഡിതന്മാർ അതിൽനിന്ന് സമുദായത്തെ വിലക്കിയിരുന്നത്. സാംസ്കാരികമായ സ്വത്വസംരക്ഷണത്തിന്റെ ഒരുതലം ഈ ഭാഷാവിരോധത്തിന്റെ പിറകിലുണ്ടായിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ, ആചാരങ്ങളിലും ശീലങ്ങളിലും എന്തിനേറെ വിശ്വാസരംഗത്തു പോലും അന്യസംസ്കാരം വിശേഷിച്ച് ഹൈന്ദവ സംസ്കാരം സമുദായത്തെ വിഴുങ്ങിയിട്ടും അതിലൊന്നും പ്രശ്നം തോന്നാതെ സാംസ്കാരിക വികാസത്തിന് ഏറെ സഹായകമാകുന്ന ഭാഷയിൽനിന്ന് മാത്രം സ്വയം കണ്ണുകെട്ടിയാൽ സ്വത്വം സംരക്ഷിക്കപ്പെടുമെന്ന വികലധാരണയാണ് അക്കാലത്തെ യാഥാസ്ഥിതിക പണ്ഡിതന്മാർ വെച്ചുപുലർത്തിയത്. ഈ മൂഢധാരണയെയാണ് മഖ്ദി തങ്ങൾ ചോദ്യം ചെയ്തതും. മലയാള ഭാഷാപഠനം മതപ്രബോധനത്തിനും മതാധ്യാപനം നടത്തുന്നതിനും ഒഴിച്ചുകൂടാനാവാത്തതായതിനാൽ അത് പഠിക്കൽ മതപരമായ ബാധ്യതയാണെന്ന് മഖ്ദി തങ്ങൾ വാദിച്ചു.

'മലയാളം മാതൃഭാഷയായാലും അത് ഈമാൻ എന്ന വിശുദ്ധ സംഗതികളെ ധരിപ്പിക്കുന്ന ഗുരുവായും മരണം വരെയും മരണാനന്തരം താനും ദൈവത്തോട് അപേക്ഷിക്കാൻ തുണയായും ഇരിക്കുന്ന അവസ്ഥക്ക് ആദ്യം പഠിച്ചിരിക്കേണ്ടതായ ഈ ഭാഷയെ നിരസിച്ചും നിന്ദിച്ചും അഭ്യസിക്കാതിരുന്നത് പടുമൂഢർക്ക് മാത്രം അലങ്കാരമായിരിക്കുമെ'ന്ന് അദ്ദേഹം എഴുതി. 'വേദഭാഷയായ അറബി ഒഴികെ മലയാളം, ഇംഗ്ലീഷ്, സയൻസ്, ഫിലോസഫി തുടങ്ങിയവ പഠിക്കുന്നതിന് ചെലവാക്കുന്ന പണം ദുർവ്യയമാണെന്ന് ജൽപിക്കുന്ന മുഷിഞ്ഞ ബുദ്ധികളെ പുഴുക്കിലിട്ട് തച്ചലക്കി ശുദ്ധമാക്കണമെ'ന്നും അദ്ദേഹം എഴുതി. ഇന്ന് യൂറോപ്പിന്റേതെന്ന് കരുതപ്പെടുന്ന സയൻസ്, ഫിലോസഫി തുടങ്ങിയ വിജ്ഞാനങ്ങൾ യൂറോപ്പിന് പരിചയപ്പെടുത്തിക്കൊടുത്തത് മുസ്‌ലിംകളാണെന്ന് ബഗ്ദാദിലും കൊർദോവയിലും പൂത്തുലഞ്ഞുനിന്ന ഗതകാല ഇസ്‌ലാമിക സംസ്കാരത്തിലേക്ക് വെളിച്ചം വീശി അദ്ദേഹം മുസ്‌ലിംകളെ ബോധ്യപ്പെടുത്തി. സർക്കാർ സ്കൂളുകൾ പ്രയോജനപ്പെടുത്തുന്നതിനു പുറമെ ഭൗതികവിദ്യാഭ്യാസം നൽകാൻ മുസ്‌ലിംകൾ സ്വന്തം നിലയിൽതന്നെ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന ആശയവും അദ്ദേഹം മുന്നോട്ടുവെച്ചു. "ആകയാൽ മനഹൃദയം ഗ്രഹിച്ചവരും ജനപരിഷ്കരണതൽപരരുമായ മുസ്‌ലിംകൾ ആത്മാക്കൾ മതാവശ്യങ്ങളിൽ അത്യാവശ്യമായ മതാഭിവൃദ്ധി ജനപരിഷ്കാരത്തിലും ജനപരിഷ്കാരം വ്യവഹാരത്തിലുമാകയാൽ കാര്യാർഥം പാഠശാലകൾ സ്ഥാപിക്കേണ്ടതാകുന്നു" ('മുസ്‌ലിം ജനതയും വിദ്യാഭ്യാസവും').

സർ സയ്യിദ് അഹ്മദ് ഖാന്റെ നേതൃത്വത്തിൽ ഉത്തരേന്ത്യയിലെ അലീഗഢിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അദ്ദേഹത്തെ ആകർഷിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തിരുന്നുവെന്നതിന്റെ സൂചന അദ്ദേഹത്തിന്റെ ലേഖനത്തിലുണ്ട്. അലീഗഢ് മാതൃകയിലുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം മഖ്ദി തങ്ങളുടെ സ്വപ്നത്തിലുണ്ടായിരുന്നുവെന്നാണ് അത് വെളിപ്പെടുത്തുന്നത്. 'നിങ്ങൾ ഇംഗ്ലീഷ് പഠിക്കണം. ഒരു പക്ഷേ നരകശിക്ഷ അനുഭവിക്കേണ്ടിവന്നാൽ, നരകത്തിലെ കാവൽക്കാരായ മലക്കിനോടും കൂട്ടുകാരോടും വെള്ളം ചോദിക്കാനെങ്കിലും അത് ഉപകരിക്കുമെ'ന്ന് പറഞ്ഞാണ് ഇംഗ്ലീഷ് നരകഭാഷയാണെന്ന് ഫത്‌വ ഇറക്കിയ പണ്ഡിതന്മാരെ അദ്ദേഹം കളിയാക്കിയത്. ലോകപരിചയമോ സാമൂഹിക യാഥാർഥ്യങ്ങളെക്കുറിച്ച തിരിച്ചറിവോ ഇല്ലാത്ത പണ്ഡിതന്മാർ ഫത്‌വകളിറക്കുന്നതിനെ 'അടുക്കള വിട്ട് പോയില്ല. അറിവുള്ളോരെ കണ്ടില്ല. അറിവുകളൊന്നും പഠിച്ചില്ല. ഫത്‌വക്കൊട്ടും മുട്ടില്ല' എന്ന് അദ്ദേഹം വിമർശിച്ചു. മതതത്ത്വങ്ങൾ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുമ്പോൾ യുക്തിചിന്തക്കും

സ്ഥാനം നൽകണമെന്ന പക്ഷക്കാരനായിരുന്നു മഖ്ദി തങ്ങൾ.

അക്കാലത്തെ പ്രധാന മതപഠന കേന്ദ്രമായ പൊന്നാനിയിലും മറ്റും നിലനിന്ന പാഠ്യപദ്ധതിയെയും അധ്യാപനരീതിയെയും പരിഷ്കരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആ അധ്യാപനരീതിയുടെ ഏറ്റവും വലിയ പോരായ്മ പഠിപ്പിക്കുന്ന അധ്യാപകന് മലയാളഭാഷയിൽ പരിജ്ഞാനമില്ലാത്തതാണെന്ന് അദ്ദേഹം തുറന്നെഴുതി: "മാതൃഭാഷ മാത്രമല്ല മലയാളിയെ ഇസ്‌ലാമാക്കുന്ന ഗുരുഭാഷയുമായ മലയാളം പഠിക്കായ്കയാൽ വേദാഭ്യാസം ദോഷപ്പെടുന്നു. ഈമാൻ നഷ്ടപ്പെടുന്നു. എങ്ങനെയെന്നാൽ ഗുരുസ്ഥാനത്തിരിക്കുന്ന പണ്ഡിതൻ അറബി പദാർഥം ഗ്രഹിക്കാതെയും ശിഷ്യനെ ധരിപ്പിക്കാൻ ഭാഷാപദം അറിയാതെയും ഉഴലുന്നു. അറബിപദങ്ങളെ തന്നെ മടക്കി മടക്കി പറഞ്ഞും അതോടൊന്നിച്ച് ആംഗ്യം ചേർത്തും മധ്യത്തിൽ തോന്നിയവിധം ഓരോ വാക്കുകൾ പറഞ്ഞും ഒരുവിധേന കാര്യം ധരിപ്പിക്കും. പറയുന്ന വാക്കുകളിൽ ചിലത് ഭർത്സനമായും (മതവിരുദ്ധമായ) ഭവിക്കുന്നു. ചൊല്ലിക്കൊടുക്കുകയോ ഭാഷാപദത്തിനുള്ള അർഥമെന്ത്, ഭാഷ ഏത് എന്ന് ചോദിക്കുകയോ മാറ്റിപ്പറയണമെന്നാവശ്യപ്പെടുകയോ ചെയ്താൽ കോപം ഒഴികെ നിവൃത്തിയില്ല" ('മുസ്‌ലിം ജനവും വിദ്യാഭ്യാസവും'). പള്ളിദർസിൽ പ്രാമാണിക മതപഠനത്തിന് ഉപയോഗിക്കുന്ന അശ്റ കിതാബ് എന്നറിയപ്പെടുന്ന പത്ത് കിതാബ് വിദ്യാർഥികളുടെ സമയം കൊല്ലിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു വർഷമെടുത്ത് പഠിപ്പിക്കുന്ന ഈ ഗ്രന്ഥത്തിലെ കാര്യങ്ങൾ കുട്ടികൾക്ക് ലളിതമായി മലയാളത്തിൽ വിശദീകരിച്ചുകൊടുത്താൽ രണ്ടു മാസം കൊണ്ട് പഠിപ്പിക്കാവുന്നതേയുള്ളൂവെന്ന് മഖ്ദി തങ്ങൾ ചൂണ്ടിക്കാട്ടി. ഓത്തുപള്ളിയിലെ വിദ്യാർഥികളെ കാര്യങ്ങൾ എഴുതിപ്പഠിപ്പിക്കണമെന്ന് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിക്ക് മുമ്പേ അഭിപ്രായപ്പെട്ട പണ്ഡിതനാണ് മഖ്ദി തങ്ങൾ.

സ്വൂഫിസത്തിലൂടെയും മറ്റും കേരള മുസ്‌ലിംകളുടെ വിശ്വാസ അനുഷ്ഠാന രംഗങ്ങളിലേക്ക് ഒളിച്ചുകടത്തപ്പെട്ട ശിർക്ക്-ബിദ്അത്തുകൾക്കെതിരെയും വടക്കേ മലബാറിൽ പ്രചരിച്ച മരുമക്കത്തായ സമ്പ്രദായത്തിനെതിരെയും മഖ്ദി തങ്ങൾ വിമർശനശരങ്ങളുയർത്തി. ഹൈന്ദവ സംസ്കാരത്തിന്റെ ശേഷിപ്പാണ് മുസ്‌ലിംകളിലെ മരുമക്കത്തായമെന്ന് സമർഥിച്ചുകൊണ്ട് അദ്ദേഹം അറബിമലയാളത്തിലും മലയാളത്തിലും ലേഖനങ്ങൾ എഴുതി പ്രചരിപ്പിച്ചു. കണ്ണൂരിൽ മരുമക്കത്തായത്തിനെതിരിൽ പ്രസംഗിച്ചതിന്റെ പേരിൽ കടുത്ത മർദനങ്ങൾക്കിരയായി.

മഖ്ദി തങ്ങളുടെ കാലത്ത് കേരളത്തിലെ പണ്ഡിതന്മാർക്കിടയിൽ കത്തിപ്പടർന്ന ഒരു വിവാദ വിഷയമായിരുന്നു *ലാ മൗജൂദൻ ഇല്ലല്ലാഹ്* (അല്ലാഹുവല്ലാത്ത അസ്തിത്വമില്ല) എന്ന ദിക്ർ. പ്രസ്തുത ദിക്റിൽ *വഹ്ദത്തുൽ വുജൂദി*ന്റെ (അദ്വൈതം) സ്വാധീനമുള്ളതിനാൽ അത് ചൊല്ലാൻ പാടില്ല എന്ന് കുപ്പത്ത് ഉമർ മുസ്‌ലിയാർ, ശൈഖ് ഹമദാനി തങ്ങൾ തുടങ്ങിയവർ വാദിച്ചു. എന്നാൽ അഹ്മദ് ശിറാസി, തട്ടാങ്കര കുട്ട്യാമു മുസ്‌ലിയാർ തുടങ്ങിയവർ ചൊല്ലുന്നതിൽ വിരോധമില്ല എന്ന പക്ഷക്കാരായിരുന്നു. മഖ്ദി തങ്ങൾ ഉമർ മുസ്‌ലിയാരെ പിന്തുണച്ചുകൊണ്ട് *ലാ മൗജൂദൻ ഇല്ലല്ലാഹ്* ദിക്റിനെതിരെ ഒട്ടേറെ പ്രഭാഷണങ്ങൾ നടത്തി.

ഖുർആൻ പരിഭാഷയുടെ ആവശ്യകത മഖ്ദി തങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തി. കേരളത്തിലെ ആദ്യത്തെ ഖുർആൻ പരിഭാഷയായ (അറബി മലയാളം) മായിൻ കുട്ടി എളയയുടെ ഗ്രന്ഥം എല്ലാവരും വായിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എന്നാൽ മായിൻ കുട്ടിയുടെ വ്യാഖ്യാനത്തോട് അദ്ദേഹത്തിന് യോജിപ്പുണ്ടായിരുന്നില്ല. മലയാളത്തിൽ ഒരു ഖുർആൻ പരിഭാഷ തയാറാക്കാനുള്ള ഒരു സംരംഭത്തിന് അദ്ദേഹം തുടക്കം കുറിക്കുകയും ചെയ്തു. എന്നാൽ പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

## പത്രപ്രവർത്തകൻ

മലയാളി മുസ്‌ലിം പത്രപ്രവർത്തനത്തിന്റെ പിതാവെന്ന് മഖ്ദി തങ്ങളെ വിശേഷിപ്പിച്ചാൽ തെറ്റാവുമെന്ന് തോന്നുന്നില്ല. അറബി മലയാളത്തിലും മലയാളത്തിലും അദ്ദേഹം പത്രങ്ങൾ നടത്തിയിരുന്നു. കൊച്ചി കൽവത്തി സ്വദേശിയും പണ്ഡിതനുമായിരുന്ന ഖാദിർ ഷാ ഹാജി ബാപ്പു എന്ന കാകാ സാഹിബിന്റെ സഹായത്തോടെ 1888-ൽ 'സത്യപ്രകാശം' എന്ന പേരിൽ വാരിക പ്രസിദ്ധീകരിച്ചുകൊണ്ടാണ് അദ്ദേഹം പത്രരംഗത്തേക്ക് കാലെടുത്തുവെച്ചത്. സാമ്പത്തികപ്രയാസം മൂലം ഒമ്പത് മാസം മാത്രമേ അദ്ദേഹത്തിന് പത്രം നടത്തിക്കൊണ്ടുപോകാൻ സാധിച്ചുള്ളൂ. പക്ഷേ, അത് അദ്ദേഹത്തെ തളർത്തിയില്ല. അധികം താമസിയാതെ കോഴിക്കോട്ടുനിന്നും കൊച്ചിയിൽനിന്നും ഒരേ സമയം 'പരോപകാരി' എന്ന മാസിക പ്രസിദ്ധീകരിച്ചുകൊണ്ടാണ് തന്റെ ഇഛാശക്തി അദ്ദേഹം പ്രകടമാക്കിയത്. മഖ്ദി തങ്ങളുടെ ക്രൈസ്തവവിമർശനം അധികവും വെളിച്ചം കണ്ടത് 'പരോപകാരി'യിലാണ്. മൂന്നു വർഷം മുടങ്ങാതെ പ്രസിദ്ധീകരിച്ച 'പരോപകാരി' വീടു പോലും വിൽക്കാൻ മാത്രം കടബാധ്യതയാണ് അദ്ദേഹത്തിന് വരുത്തിവെച്ചത്. അതിനെക്കുറിച്ച് *മക്തി മനഃക്ലേശ*ത്തിൽ ഇപ്രകാരം കുറിക്കുന്നു: "പരോപകാരി മാസിക മൂലം സ്വന്തം ഭവനം കടപ്പെട്ടതിൽപിന്നെ ഇന്നുവരെ പൂച്ച തന്റെ കുഞ്ഞും കൊണ്ടലയുന്നതുപോലെ സംസാരം കൊണ്ടലഞ്ഞും ദിനം നവീന ആഹാരം നവീനത എന്ന കണക്കെ അന്നത്തെ ചെലവ് അന്വേഷിച്ച് വരുന്നു. ക്രിസ്തു പറഞ്ഞതുപോലെ തലവെപ്പാൻ സ്ഥലമില്ലാതെ കഴിക്കുന്നു. വാടകക്ക് വീടോ സ്ഥലമോ കൊടുപ്പാൻ പോലും ഇസ്‌ലാം ജനം ഭയപ്പെടുന്നു" (*മക്തി മനഃക്ലേശം*).

'പരോപകാരി' മൂലം കിടപ്പാടം പോലും നഷ്ടപ്പെടുത്തേണ്ടിവന്നിട്ടും 1902-ൽ 'നിത്യജീവൻ' എന്ന പേരിൽ ഒരു മാസിക പുറത്തിറക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആലോചിക്കുകയും വരിക്കാരെ ക്ഷണിച്ചുകൊണ്ട് തിരൂരിൽനിന്ന് സൈതാലിക്കുട്ടി മാസ്റ്റർ പുറത്തിറക്കിയിരുന്ന *സ്വലാഹുൽ ഇഖ്വാനി*ൽ അറിയിപ്പു നൽകുകയും ചെയ്തു. എന്നാൽ വേണ്ടത്ര വരിക്കാരെ കിട്ടാതിരുന്നതിനാൽ അദ്ദേഹത്തിന് ആ ശ്രമം ഉപക്ഷിക്കേണ്ടിവന്നു.

തന്റെ ലേഖനങ്ങളും പുസ്തകങ്ങളും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിനായി സ്വന്തമായി ഒരു പ്രസിദ്ധീകരണ സംരംഭത്തെക്കുറിച്ചും അദ്ദേഹം ഗൗരവമായി ആലോചിച്ചിരുന്നു. അതിന്റെ ആദ്യപടിയെന്നോണം ഒരു പ്രസ് സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം തേടി മുസ്‌ലിം ധനാഢ്യരിൽ പലരെയും അദ്ദേഹം സമീപിച്ചു. പക്ഷേ, നിരാശയായിരുന്നു ഫലം. ഒടുവിൽ ആലപ്പുഴയിലെ ഏതാനും യുവാക്കൾ നൽകിയ സാമ്പത്തിക സഹായം കൊണ്ട് 1890-ൽ അദ്ദേഹം മുഹമ്മദീയ പ്രസ്സ് സ്ഥാപിച്ചു. അദ്ദേഹത്തിന്റെ നബിചരിത്രമായ *നബി നാണയം* ഈ പ്രസ്സിൽനിന്നാണ് അച്ചടിച്ചത്.

## എതിർപ്പുകൾ

മഖ്ദി തങ്ങളുടെ വിപ്ലവകരമായ സാമൂഹിക പരിഷ്കരണങ്ങളും ഇടപെടലുകളും യാഥാസ്ഥിതിക പണ്ഡിതന്മാർക്ക് മേൽക്കൈയുണ്ടായിരുന്ന മുസ്‌ലിം പൊതുമണ്ഡലത്തിൽ ഞെട്ടലും പരിഭ്രമവും സൃഷ്ടിച്ചു. ഏതൊരു പരിഷ്കർത്താവിനെയും പോലെ അദ്ദേഹവും കാലത്തിനു മുമ്പേ സഞ്ചരിച്ചതിനാൽ ഇത് സ്വാഭാവികമായിരുന്നു. അതിനാൽ ശക്തമായ എതിർപ്പുകൾ

സമൂഹത്തിൽനിന്ന് അദ്ദേഹത്തിന് നേരിടേണ്ടിവരികയും ചെയ്തു. അതിനെക്കുറിച്ച് മഖ്ദി തങ്ങൾതന്നെ പറയുന്നത് കാണുക: "നമ്മുടെ പുറപ്പാട് കേരളത്തിൽ പുത്തൻ പുറപ്പാടായതുകൊണ്ടും എതിർഭാഗത്തുള്ള ശക്തി ഭയങ്കരമായതുകൊണ്ടും നമുക്കടുത്തവരും അകന്നവരുമായ കുടുംബാദികളും അസ്മാദികളും സ്നേഹിതരും സഹായികളുമായ സകലരും ഭയപ്പെടുത്തി നമ്മെ കുറ്റപ്പെടുത്തി. സഹായിക്കാൻ ഇല്ലാതെയും നാം ഏകനായിത്തീർന്നു" (*മക്തി മനഃക്ലേശം*).

സാമൂഹിക യാഥാർഥ്യങ്ങളെക്കുറിച്ച മതപണ്ഡിതന്മാരുടെ അജ്ഞതയെയും ആധുനികവിദ്യാഭ്യാസത്തോടുള്ള അവരുടെ നിഷേധാത്മക നിലപാടിനെയും കാലത്തോട് സംവദിക്കാത്ത അവരുടെ പാഠ്യപദ്ധതിയെയും വിമർശിക്കുമ്പോൾ മഖ്ദി തങ്ങൾ സ്വീകരിച്ച രൂക്ഷമായ ശൈലി അദ്ദേഹത്തിന് എതിരാളികളെ നേടിക്കൊടുക്കുന്നതിൽ ഒരു ഘടകമായിട്ടുണ്ട്. പൊന്നാനിയിലെ മതവിദ്യാഭ്യാസരീതിയും അവിടത്തെ പണ്ഡിതന്മാരുമാണ് അദ്ദേഹത്തിന്റെ വിമർശനത്തിന് പ്രധാനമായും ശരവ്യമായത്. സഹജമായ യാഥാസ്ഥിതിക ഉള്ളടക്കവും കാലക്രമത്തിൽ വന്നുചേർന്ന ജീർണതയും കാരണം ഒട്ടേറെ അപചയങ്ങളും പോരായ്മകളും വന്നിട്ടുണ്ടെങ്കിലും കേരളത്തിലെ മുസ്‌ലിം മതവിജ്ഞാനരംഗത്ത് നൂറ്റാണ്ടുകളോളം പൊന്നാനി ദർസും അവിടത്തെ പണ്ഡിതന്മാരും സൃഷ്ടിച്ചിരുന്ന മഹത്തായ സംഭാവനയെ കുറിച്ച ഓർമ ഒളിമങ്ങാതെ നിലനിൽക്കുന്ന മലബാറിലെ മുസ്‌ലിം പൊതുമണ്ഡലത്തിൽ മഖ്ദിയുടെ വിമർശനശൈലി അലോസരമുണ്ടാക്കുമെന്നുറപ്പാണ്. നിക്ഷിപ്ത താൽപര്യക്കാരായ യാഥാസ്ഥിതിക പണ്ഡിതന്മാർ ഈ അവസരം മുതലാക്കിയെന്നതിലും സംശയമില്ല. അദ്ദേഹത്തിന്റെ മതപ്രസംഗം ഹറാമാണെന്നുവരെ ഫത്‌വ പുറപ്പെടുവിക്കാൻ മാത്രം മഖ്ദിവിരോധം ചില പണ്ഡിതന്മാരെ കീഴടക്കുകയുണ്ടായി. എന്നാൽ പൊന്നാനി പക്ഷത്തുള്ള പണ്ഡിതന്മാരുടെ ഇത്തരം ഫത്‌വകൾക്കെതിരെ പൊന്നാനിയിലെ മഖ്ദൂമും പ്രശസ്ത പണ്ഡിതനുമായ പുതിയകത്ത് അബ്ദുർറഹ്മാൻ എന്ന ബാവ മുസ്‌ലിയാരെ പോലുള്ളവർ മഖ്ദിക്കനുകൂലമായി രംഗത്തുവന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ക്രിസ്ത്യൻ മിഷനറിമാരുടെയും ഒരു വിഭാഗം മുസ്‌ലിംകളുടെയും എതിർപ്പും ഭീഷണിയും കാരണം ഹതാശനായ മഖ്ദി തങ്ങൾക്ക് പലപ്പോഴും പിന്തുണയും സഹായവും ലഭിച്ചത് ഹിന്ദുക്കളിൽനിന്നാണ്. കേസുകളിൽ ജാമ്യം നിന്നും സാമ്പത്തികമായി സഹായിച്ചും ഉപദ്രവങ്ങളിൽനിന്ന് രക്ഷിച്ചും അവർ അദ്ദേഹത്തെ സഹായിച്ചു. *മക്തി മനഃക്ലേശ*ത്തിൽ അക്കാര്യം അദ്ദേഹം കൃതജ്ഞതയോടെ രേഖപ്പെടുത്തിയിട്ടുണ്ട്.

## ഭരണകൂടത്തോടുള്ള സമീപനം

മഖ്ദി തങ്ങളുടെ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള സമീപനം വിവാദ വിഷയമാണ്. 'രാജഭക്തിയും ദേശാഭിമാനവും' എന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിനോട് കൂറും രാജഭക്തിയും പ്രകടമാക്കുന്ന ചില പരാമർശങ്ങളുണ്ട്. എന്നാൽ കുമാരനാശാൻ, രാജാറാം മോഹൻ റായ്, സർ സയ്യിദ് അഹ്മദ് ഖാൻ തുടങ്ങിയ ആദ്യകാല ഹിന്ദു-മുസ്‌ലിം പരിഷ്കർത്താക്കളെല്ലാം ബ്രിട്ടീഷ് ഗവൺമെന്റിനോട് കൂറും ഭക്തിയും പ്രകടിപ്പിച്ചവരായിരുന്നു. എന്തിന് ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിനെയും മുസ്‌ലിം ലീഗിനെയും പോലുള്ള സംഘടനകളും ആദ്യകാലത്ത് രാജഭക്തിയിൽ ഒട്ടും പിറകിലായിരുന്നില്ല.

മഖ്ദി തങ്ങളുടെ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള സമീപനത്തെ സാമ്രാജ്യത്വ പാദസേവയെന്ന് മുദ്രയടിക്കുന്നതിനു മുമ്പ് അദ്ദേഹം സ്വീകരിച്ച ഈ നിലപാടിന്റെ പിറകിലെ ചേതോവികാരവും അദ്ദേഹത്തിന്റെ ഇടപെടലുകളുടെ സ്വഭാവവും പരിശോധിക്കപ്പെടേണ്ടതുണ്ട്. മഖ്ദി തങ്ങളുടെ സമരമുഖം രാഷ്ട്രീയമായിരുന്നില്ല, സാമൂഹികവും സാംസ്കാരികവുമായിരുന്നു. ഭരണകൂടവുമായി നേർക്കുനേരെ ഏറ്റുമുട്ടി സാമൂഹികമായും വിദ്യാഭ്യാസപരമായും പുരോഗമിക്കാനുള്ള എല്ലാ ഇടങ്ങളിൽനിന്നും സ്വയം ബഹിഷ്കൃതരാകുന്നത് സമുദായത്തെ സംബന്ധിച്ചേടത്തോളം ആത്മഹത്യാപരമാകുമെന്നായിരുന്നു മഖ്ദി തങ്ങളുടെ സുചിന്തിതമായ നിലപാട്. അതിനാൽ തൽക്കാലം രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽനിന്ന് മാറിനിന്ന് ഗവൺമെന്റുമായി സഹകരിച്ച് വിദ്യാഭ്യാസത്തിലൂടെ മുസ്‌ലിംകൾ മുന്നേറണമെന്നാണ് സർ സയ്യിദ് അഹ്മദ് ഖാനെ പോലെ മഖ്ദി തങ്ങളും വാദിച്ചത്. അതുകൊണ്ടുതന്നെയാണ് അദ്ദേഹം ലഹളയെ എതിർത്തതും ലഹള കൂടുന്നതിനു പകരം പള്ളിക്കൂടങ്ങളിൽ പോയി വിദ്യ അഭ്യസിക്കണമെന്ന് മുസ്‌ലിം സ്ത്രീ-പുരുഷന്മാരെ ആഹ്വാനം ചെയ്തതും. അത് സാമ്രാജ്യത്വ പാദസേവയല്ല, മറിച്ച് രാഷ്ട്രീയത്തേക്കാളും സാമൂഹികപരിഷ്കരണത്തിന് മുൻഗണന നൽകുന്ന പരിഷ്കർത്താക്കൾ സമൂർത്ത സാഹചര്യങ്ങളെ വിശകലനം ചെയ്തെടുക്കുന്ന തന്ത്രപരമായ താൽക്കാലിക നിലപാട് മാത്രമാണ്. ഈ നിലപാടു കൊണ്ട് വ്യക്തിപരമായി അദ്ദേഹം ഒന്നും നേടിയിട്ടില്ല, വീടടക്കം പലതും നഷ്ടപ്പെടുത്തുകയായിരുന്നു എന്നു കൂടി അറിയുമ്പോഴാണ്, ആ നിലപാടിലെ പ്രത്യാഘാതം സ്വയംവിമർശനപരമായി പരിശോധനാവിധേയമാക്കാമെങ്കിലും അതിന്റെ പിറകിലെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യാനാവില്ല എന്ന് നമുക്ക് പറയേണ്ടിവരുന്നത്. നഗ്നമായ സാമ്രാജ്യത്വ പാദസേവയിലൂടെ തങ്ങന്മാരിലും പ്രമാണിമാരിലും പെട്ട പലരും ഖാൻ ബഹാദൂർ പട്ടമടക്കം പലതും നേടിയപ്പോൾ ഉള്ള ജോലിയും രാജിവെച്ചാണ് അദ്ദേഹം സാമൂഹിക പ്രവർത്തനങ്ങളിലേക്ക് ഇറങ്ങിയത്. നേടിയതോ കൂക്കുവിളിയും പരിഹാസവും സാമ്പത്തിക നഷ്ടവും.

അതേസമയം, സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഭരണകൂടത്തിന്റെ സഹകരണവും ശ്രദ്ധയും ഉറപ്പിക്കുന്നതിനായി ഭരണകൂടത്തോടുള്ള കൂറിനെ പ്രമാണപരമാക്കാൻ അദ്ദേഹം തുനിഞ്ഞത് അബദ്ധമായിരുന്നുവെന്നും പറയേണ്ടിയിരിക്കുന്നു. 'അല്ലാഹുവിനെയും പ്രവാചകനെയും കൈകാര്യകർത്താക്കളെയും അനുസരിക്കുക' എന്ന ഖുർആൻ സൂക്തത്തിലെ കൈകാര്യകർത്താക്കൾ നമ്മുടെ കാലത്ത് ബ്രിട്ടീഷ് ഗവൺമെന്റാണെന്നായിരുന്നു മഖ്ദി തങ്ങളുടെ വ്യാഖ്യാനം. ഇത് അതിവായനയും അരാഷ്ട്രീയ ബീജം പേറുന്നവയുമാണെന്ന കാര്യത്തിൽ സംശയമില്ല. സർ സയ്യിദ്, മഖ്ദി തങ്ങളെപോലെ പരമ്പരാഗത രീതിയിലുള്ള മതപണ്ഡിതനല്ലാത്തതുകൊണ്ടായിരിക്കാം ഇത്തരം അതിവായനക്കൊന്നും പോയില്ല. മഖ്ദി തങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങളുടെ പിൽക്കാല വികാസമായ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ആശയപരിസരത്തെ ജീർണതയിലും അനുഷ്ഠാനപരതയിലും സ്തംഭിപ്പിച്ചു നിർത്തിയ അരാഷ്ട്രീയ ചിന്തയുടെ വേരുകൾ മഖ്ദി തങ്ങളുടെ ഇത്തരം അതിവായനയിൽ മുട്ടിനിൽക്കുന്നതായ നിരീക്ഷണം പ്രസക്തമാണ്.

മലയാളത്തിലും അറബി മലയാളത്തിലുമായി അമ്പതിലേറെ ഗ്രന്ഥങ്ങളുടെ കർത്താവാണ് മഖ്ദി തങ്ങൾ. കൃതികൾ അധികവും ലേഖനങ്ങളോ ലഘുകൃതികളോ ആണ്. അദ്ദേഹത്തിന്റെ കൃതികൾ *മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ* എന്ന പേരിൽ കെ.കെ മുഹമ്മദ് അബ്ദുൽ കരീം സമാഹരിച്ചിട്ടുണ്ട്. കേരള ഇസ്‌ലാമിക മിഷൻ

വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച ഈ സമാഹാരം ഈയിടെ കോഴിക്കോട്ടെ വചനം ബുക്സ് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഖ്ദി തങ്ങൾ 1912-ൽ മരണപ്പെട്ടു.

ktmhussain@yahoo.co.in

■ **റഫറൻസ്**

1. *ഇസ്‌ലാമിക വിജ്ഞാനകോശം* 6/540
2. *കേരള മുസ്‌ലിം ചരിത്രം*- പി.എ സെയ്തു മുഹമ്മദ്
3. *കേരള മുസ്‌ലിം ചരിത്രം സ്ഥിതിവിവര കണക്ക് ഡയറക്ടറി*- ഡോ. സി.കെ കരീം
4. *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം*- സി.എൻ അഹ്മദ് മൗലവി, കെ.കെ. മുഹമ്മദ് അബ്ദുൽ കരീം
5. *ഹസ്രത്ത് ഉമർ ഖാദി(റ)യുടെ ജീവചരിത്രം*, .... പ്രസാധകർ: വെളിയങ്കോട് മഹല്ല് ജമാഅത്ത് കമ്മിറ്റി
6. *മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ*- കെ.കെ. മുഹമ്മദ് അബ്ദുൽ കരീം
7. *മക്തി തങ്ങളുടെ ജീവിതചരിത്രം*- കെ.കെ മുഹമ്മദ് അബ്ദുൽ കരീം
8. *പ്രബോധനം നവോത്ഥാനപതിപ്പ്*
9. *വിചാരം*, എം.എസ്.എം സുവനീർ 2007